**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-16-10-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കിണർ റീചാർജ്ജിംഗിനായി പ്രോജക്ട് ഏറ്റെടുക്കുമ്പോൾ ജില്ലാ ആസൂത്രണ സമിതി തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികളെക്കൊണ്ട് പ്രവൃത്തി നടപ്പാക്കുന്നതിനും അംഗീകൃത ഏജൻസികൾക്ക് നേരിട്ട് ബിൽ തുക നൽകുന്നതിനും നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2867/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 08/11/2018

പരാമർശം:- 1 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ Plg.220/19DPC/DPO/തിരു.സിസി നമ്പർ കത്ത്

2 16.10.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.4-ാം നമ്പർ തീരുമാനം

3 സ.ഉ.(കൈ)നം.161/16/ത.സ്വ.ഭ.വ തീയതി 09.11.2016

4 സർക്കുലർ നം.ഡി.ഡി.2/343/2017/ത.സ്വ.ഭ.വ തീയതി 22.08.2017

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 16,550 കിണറുകൾ റീചാർജ് ചെയ്യുന്നതിന് പ്രൊജക്റ്റ് എറ്റെടുത്തിട്ടുണ്ട്. കൂടാതെ 4080 കുടുംബങ്ങളുടെ ഹരിതഭവനം എന്ന പ്രോജക്ടിലും കിണർ റീചാർജ്ജിംഗ് ഒരു ഘടകമാണ്. വ്യക്തികളെക്കൊണ്ട് മാത്രം കിണർ റീ ചാർജ്ജിംഗ് പൂർത്തീകരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ കിണർ റീചാർജ്ജിംഗിൽ പ്രായോഗിക പരിചയമുള്ള ഏജൻസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ചില ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളതായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കിണർ റീചാർജ്ജിംഗിനായി പ്രോജക്ട് ഏറ്റെടുക്കുമ്പോൾ ജില്ലാ ആസൂത്രണ സമിതി തെരഞ്ഞെടുക്കുന്ന ഇത്തരം അംഗീകൃത ഏജൻസികളെക്കൊണ്ട് നിർവ്വഹണം നടത്തുന്നതിനും ബന്ധപ്പെട്ട ഓവർസിയർ/എൻജിനിയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ഏജൻസിയ്ക്ക് നേരിട്ട് ബിൽ തുക നൽകുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി. കിണർ റീചാർജ്ജിംഗ് പ്രോജക്ടുകൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പാക്കണമെന്ന നിബന്ധനയോടെ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നകുന്നതിനും കിണർ റീ-ചാർജിംഗിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് ഉയർന്ന പരിധിയായി കണക്കാക്കേണ്ടതാണെന്നും പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ കിണർ റീചാർജ്ജിംഗിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പരമാവധി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കണമെന്ന നിബന്ധനയോടെ കിണർ റീചാർജിംഗ് പ്രവർത്തനം ജില്ലാ ആസൂത്രണ സമിതി തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികളെക്കൊണ്ട് നടപ്പാക്കുന്നതിനും ബന്ധപ്പെട്ട ഓവർസിയർ/എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഏജൻസിയ്ക്ക് നേരിട്ട് ബിൽ തുക നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ഇക്കാര്യത്തിൽ, സർക്കാർ പരാമർശം (4) ഉത്തരവ് പ്രകാരം കിണർ റീ-ചാർജിംഗിനായി നിർദ്ദേശിച്ചിട്ടുള്ള നിരക്ക് ഉയർന്ന പരിധിയായി കണക്കാക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോള് എബ്രഹാം
അഡീഷണല് സെക്രട്ടറി

പകർപ്പ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 20 11 13:05:16
IST
Reason: Approved
സെക്ഷൻ ഓഫീസർ